6. വിജ്ഞാന-വ്യാപന വിഭാഗവും കർഷകരും തമ്മിൽ ഒരു സജീവ കണ്ണിയായി വർത്തിച്ച് ഗവേഷണരംഗത്തും നിർണ്ണായകമായ വിവരങ്ങൾ നൽകുക.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

കന്നുകാലി സമ്പത്ത്

*22 [226] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കന്നുകാലി സമ്പത്തിനെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കന്നുകാലി സമ്പത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) അടുത്ത മൂന്ന് വർഷത്തിനുള്ളിൽ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ ഓരോ ജില്ലയുടേയും കന്നുകാലി സമ്പത്തിന്റെ സംരക്ഷണം ലക്ഷ്യമിട്ട് എന്തെങ്കിലും പുതിയ പദ്ധതി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരിയമ്മ): (എ) ഉണ്ട്. 2003 ഒക്ടോബർ മാസം നടത്തിയ പതിനേഴാമത് കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്തെ കന്നുകാലി സമ്പത്തിനെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

(ബി) പതിനാറാമത് കന്നുകാലി സെൻസസിലെ കണക്കിൽ നിന്നും പതിനേഴാമത് കന്നുകാലി സെൻസസിൽ കന്നുകാലികളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ട്. വർദ്ധിച്ചുവരുന്ന തീറ്റച്ചെലവ്, സംരക്ഷണച്ചെലവ് തുടങ്ങിയവ താങ്ങാനാവാതെ ക്ഷീരകർഷകർ കന്നുകാലി വളർത്തൽ ഉപേക്ഷിച്ചിട്ടുണ്ട്. 2002-2003-ൽ ഉണ്ടായ കുളമ്പുരോഗത്തെക്കുറിച്ചുള്ള ഭീതിയും, മെച്ചപ്പെട്ട തീറ്റപ്പുല്ലിന്റെ ദൗർലഭ്യവും കാലി വളർത്തലിൽ കുറവു വരാൻ കാരണമായിട്ടുണ്ട്.

(സി) കൃത്രിമ ബീജോൽപ്പാദനത്തിലൂടെ മെച്ചപ്പെട്ട കന്നുകാലി സമ്പത്ത് വികസിപ്പിക്കാനും കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിലൂടെ കർഷകർക്ക് ആശ്വാസം നൽകാനും ഉദ്ദേശിക്കുന്നു. കന്നുകാലികൾക്ക് ഉണ്ടാകാവുന്ന സാംക്രമിക രോഗങ്ങളെ പ്രതിരോധ കുത്തിവയ്പിലൂടെ നിയന്ത്രിച്ച് കേരളത്തെ കന്നുകാലി രോഗവിമുക്ത മേഖലയാക്കാനും മൃഗചികിൽസയ്ക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാനും കുറഞ്ഞ വിലയ്ക്ക് പോഷകമൂല്യമുള്ള കാലിത്തീറ്റ ലഭ്യമാക്കാനും കന്നുകാലികളുടെ ശാസ്ത്രീയമായ പരിചരണത്തിൽ കർഷകർക്ക് അവബോധം സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. സങ്കരവർഗ്ഗം കന്നുകുട്ടികളെ തെരഞ്ഞെടുത്ത് കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ നൽകിയും എല്ലാ ഗ്രാമപഞ്ചായത്ത് മൃഗാശുപത്രികളിലും കന്നുകുട്ടി ക്ലിനിക്ക് നടത്തി അവയ്ക്ക് സംരക്ഷണം നൽകിയും അകിടുവീക്കം നേരത്തേ കണ്ടുപിടിച്ച് നിയന്ത്രിക്കുന്നതിനും പദ്ധതി ഇട്ടിട്ടുണ്ട്. കൂടാതെ കേരളം മുഴുവൻ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് സമയബന്ധിതമായി പൂർത്തിയാക്കാനും മലബാറി ആടുകളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതിയും ആലോചിച്ചുവരുന്നു. മാത്രവുമല്ല തിരുവനന്തപുരം ജില്ലയിലെ പാലോട്, പത്തനംതിട്ട ജില്ലയിലെ തിരുവല്ല, പാലക്കാട് ജില്ലയിലെ പാലക്കാട് ടൗൺ, കണ്ണൂർ ജില്ലയിലെ കണ്ണൂർ എന്നിവിടങ്ങളിൽ ആധുനിക രോഗനിർണ്ണയ ലബോറട്ടറികൾ സജ്ജമാക്കുന്നതാണ്.

ക്ഷീരോൽപ്പാദന വികസന പദ്ധതികൾ

*23 [227] ശ്രീ. തോമസ് ഉണ്ണിയാടൻ:
„ സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീരമേഖലയിൽ 2010 വരെയുള്ള ക്ഷീരോൽപ്പാദന വികസന പദ്ധതികൾ എൻ.ഡി.ഡി.ബി. എപ്രകാരം വിഭാവനം ചെയ്ത് നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി എത്ര കോടി രൂപ നീക്കിവെച്ചിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതികൾക്കാണ് പ്രസ്തുത തുക ചെലവഴിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിന്മേൽ സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തമെന്താണെന്ന് വിശദമാക്കാമോ;

(ഡി) ഇതുമൂലം ക്ഷീരകർഷകർക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരിയമ്മ):

(എ) 2010 വരെയുള്ള എൻ.ഡി.ഡി.ബി.-യുടെ പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നവയാണ്:

1. പേഴ്സ്പെക്റ്റീവ് പ്ലാൻ ഒന്നാംഘട്ടം (2000 മുതൽ 2005 വരെ).
2. പേഴ്സ്പെക്റ്റീവ് പ്ലാൻ രണ്ടാംഘട്ടം (2006 മുതൽ 2010 വരെ).
3. കാലിരോഗ നിയന്ത്രണ പദ്ധതി (എ.സി.ഡി.പി.).
4. സംയോജിത വിജ്ഞാന വ്യാപന പദ്ധതി (പി.ഇ.പി.).
5. സഹകരണ മേഖലയ്ക്കുള്ള സഹായം (പുനരധിവാസ പദ്ധതി).

LIBRARY ARCHIVES Kerala Legislative Assembly